കേരള സർക്കാർ

**സംഗ്രഹം**

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ദ്വീപ് സ്കൂളിനെ റിമോട്ട് ഏര്യ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്- അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.92 /2017/പൊവിവ തീയതി, തിരുവനന്തപുരം 09/08/2017**

---

പരാമർശം:- 1. സ.ഉ (എം.എസ്) No. 36/2016/പൊവിവ തീയതി 5/2/2016.
2. ആലപ്പുഴ ജില്ലാ കളക്ടറുടെ 31/1/2017 ലെ എൻ5/40993/2016 നമ്പർ കത്ത്.
3. ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ 21/6/17-ലെ സി1/10931/17 നം. കത്ത്
4. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/6/17 ലെ എ 1/3301/2017 നമ്പർ കത്ത്.

**ഉത്തരവ്**

മുകളിൽ ഒന്നാമത് പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പൊതു സ്ഥലമാറ്റത്തിന് ട്രൈബൽ/ റിമോട്ട് ഏര്യ/ദുർഘടം പിടിച്ച സ്ഥലം എന്നിങ്ങനെ മാനദണ്ഡം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഹയർ സെക്കന്ററി സ്കൂളിനെ റിമോട്ട് ഏര്യ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം ഉന്നയിച്ച് സ്കൂൾ പി.റ്റി.എ ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് മേൽ നടപടികൾ കൈക്കൊള്ളണമെന്ന് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കളക്ടറുടെ റിപ്പോർട്ടിന്റെയും പരാമർശം (3) ലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെരുമ്പളം ഹയർ സെക്കന്ററി സ്കൂളിനെ റിമോട്ട് ഏര്യ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മധു. കെ**

അഡീഷണൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ